## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2318

18.06.2014-ൽ മറുപടിയ്ക്ക്

### വർഷകാലാരംഭത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ

ചോദ്യം

ഡോ. കെ.ടി. ജലീൽ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| സംസ്ഥാനത്ത് വർഷകാലാരംഭത്തിൽ മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ കഴിയാതിരുന്നതിനാൽ മഴ ആരംഭിക്കുന്നതിന് മുമ്പെ പനിയാരംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | മഴക്കാല പൂർവ്വ ശുചീകരണം മഴക്കാലം ആരംഭിക്കുന്നതിന് മുൻപേതന്നെ നടത്തിയിരുന്നു. എന്നാൽ പല സ്ഥലങ്ങളിലും അതിനിടയ്ക്ക് വേനൽമഴ പെയ്തിരുന്നു. ഈ വർഷം ആരോഗ്യവകുപ്പും ശുചിത്വമിഷനും തദ്ദേശ സ്വയംഭരണ വകുപ്പും ഒത്തൊരുമിച്ച് മഴക്കാല പൂർവ്വ ശുചീകരണം നടത്തി. ശുചീകരണത്തോടൊപ്പം കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പെയ്നുകൾ ഏപ്രിൽ മേയ് മാസത്തിലും, ജല ശുദ്ധീകരണ ക്യാമ്പെയ്നുകൾ മേയ് മാസത്തിലും, നടത്തി. തൽഫലമായി 2013 ലെ സമാനകാലയളവുമായി തട്ടിച്ചു നോക്കുമ്പോൾ പനി, ഡെങ്കിപ്പനി, എലിപ്പനി മഞ്ഞപ്പിത്തം തുടങ്ങിയവയുടെ എണ്ണം 2014 – ൽ കുറവാണെന്ന് കാണാം. |

സെക്ഷൻ ഓഫീസർ.